**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4458** **01-07-2024 - ൽ മറുപടിയ്ക്ക്**

**പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനം നിലവിൽ ഉൽപ്പാദിപ്പിക്കുന്ന ന്യൂസ് പ്രിന്റിന്റെ അളവ് വ്യക്തമാക്കാമോ; ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | 5,250 ടൺ ന്യൂസ്പ്രിന്റാണ് സ്ഥാപനത്തിന്റെ 2024 മെയ് മാസത്തെ ഉൽപാദനം.<br><br>കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിൽആധുനികവൽക്കരണവും സാങ്കേതിക നവീകരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയുടെ നടത്തിപ്പിലൂടെ ഉൽപാദന-ഉൽപാദനക്ഷമതാ വർദ്ധനവ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഉൽപാദനപ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള കെ.പി.പി.എല്ലിന്റെ അടിയന്തിര ആവശ്യം പരിഗണിച്ച് വനം വകുപ്പ് 50,000 ടൺ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിയിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.03.2024-ന് ബന്ധപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഉന്നതതല യോഗം ചേരുകയും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളുടെ സുസ്ഥിര ലഭ്യത ഉറപ്പാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ